മി. സ്പീക്കർ: അയ്യന്തോൾ അശോക്നഗർ ഭവന നിർമ്മാണ പദ്ധതിയുടെ അലോട്ടികൾക്ക് ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖ നൽകുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ളതാണ് ശ്രീ. വി. വി. രാഘവന്റെ സബ്മിഷൻ. ഇത് സെപ്പറേറ്റ് ആയിട്ടുള്ള ഒറ്റയൊറ വീടുകളാണ്.

ശ്രീ. കെ. എം. മാണി: ഞാൻ അത് സ്വീകരിക്കുന്നു. ഇതിൽവന്ന കാലതാമസം ഉടനേ ഒഴിവാക്കി അലോട്ടീസിന് എത്രയുംവേഗം ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ കൊടുക്കുന്നതാണ്.

(15) ആലത്തൂർ റവന്യൂ ടവർ നിർമ്മാണം

ശ്രീ. എ വി. ഗോപിനാഥൻ: സർ, ആലത്തൂർ കേന്ദ്രമാക്കി റവന്യൂ ടവർ സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പലതവണ പ്രഖ്യാപനം നടത്തിയതാണ്. റവന്യൂ ടവർ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും നടത്തുന്നതിനുമുൻപുതന്നെ പഞ്ചായത്ത് ഭരണ സമിതിയും താലൂക്ക് അധികൃതരും ഗ്രാമപഞ്ചായത്തും അതിനുവേണ്ടി തയ്യാറായിട്ടുണ്ട്. പ്രസ്തുത ടവർ സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആലത്തൂർ കേന്ദ്രമാക്കി റവന്യൂ ടവർ നിർമ്മിക്കുന്നതിനാവശ്യമായ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അവിടെയുള്ള ഓഫീസുകൾ ഷിഫ്റ്റ് ചെയ്യുന്നതിന് കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ ഓഫീസുകൾ ഷിഫ്റ്റ് ചെയ്താലുടനെ നമുക്ക് അതിന്റെ നിർമ്മാണജോലി ഏറ്റെടുക്കാം. ഏതായാലും അതിന്റെ നിർമ്മാണജോലി ഹൗസിംഗ് ബോർഡ് ഏറ്റെടുക്കുന്നതാണ്.

(16) പാളയം ഹനുമാൻ ക്ഷേത്രത്തിനോടുചേർന്ന സ്ഥലം സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് നൽകിയത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിൽപ്പെടുന്നതും വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2638-ൽ വികാസ്ഭവൻ ഹനുമാൻ ക്ഷേത്രത്തിന് ചേർന്നുള്ളതുമായ 12 സെൻറ് സ്ഥലം സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി ഈ സർക്കാർ സൗജന്യമായി നൽകിയിരിക്കുകയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറുന്നതിന് തൊട്ടുമുൻപ് 21-2-1995-ൽ ജി.ഒ. (എം. എസ്.) നമ്പർ 152/95/ആർ.ഡി. ഉത്തരവനുസരിച്ചാണ് സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് 12 സെൻറ് സ്ഥലം അനുവദിച്ചുകൊടുത്തിട്ടുള്ളത്. എന്നാൽ അവിടെത്തന്നെ സർക്കാർ 8 സെൻറ് സ്ഥലംകൂടി മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി നൽകാൻ പോവുകയാണ്. അങ്ങനെ മൊത്തം 20 സെൻറ് സ്ഥലമാണ് മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി സർക്കാർ കൊടുക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലാണ് ഹനുമാൻ ക്ഷേത്രം. ഇപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രത്തിന് കൈവശമുള്ളത് കേവലം അഞ്ചു സെൻറ് ഭൂമിമാത്രമാണ്, എന്നാൽ അതിനോടു ചേർന്നുള്ള 8 സെൻറ് ഭൂമികൂടി 26-6-1985-ൽ ജി.ഒ. (എം.എസ്.) നമ്പർ 671/85/ആർ.ഡി. ഉത്തരവനുസരിച്ച് ക്ഷേത്ര വികസനത്തിനായി അനുവദിച്ചിട്ടുള്ളതാണ്. ആ ഉത്തരവിന്റെ കോപ്പി എന്റെ പക്കലുണ്ട്. അത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വച്ചു.)

എന്നാൽ ഈ 8 സെൻറ് ഭൂമി ഉൾപ്പെടെ അതേ സർവേ നമ്പരിൽ 12 സെൻറ് ഭൂമിയാണ് ഇപ്പോൾ സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി നൽകിയിട്ടുള്ളത്. ഈ ധന്യഭൂമിയിലാണ് ബഹുനിലമന്ദിരം നിർമ്മിക്കാൻ ഉപരാഷ്ട്രപതി ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത്. സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് 20 സെൻറ് സ്ഥലം നൽകുന്നതോടൊപ്പം ഹിന്ദു ഐക്യവേദിക്ക് 6.93 സെൻറ് സ്ഥലം അവിടെത്തന്നെ നൽകാനുള്ള രഹസ്യ തീരുമാനം ഇതിനകംതന്നെ എടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ഹിന്ദു ഐക്യവേദി നേതാക്കളുമായി മന്ത്രി കുഞ്ഞാലിക്കുട്ടി ഹോട്ടൽ ഹോർട്ടസ് മാനറിൽ വച്ച് ചർച്ച നടത്തി തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ട്. ഹനുമാൻ കോവിലിനു ഇപ്പോഴുള്ള 5 സെൻറ് സ്ഥലവും സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് 20 സെൻറും ഹിന്ദു ഐക്യവേദിക്ക് 6.93 സെൻറും എന്ന നിലയിലാണ് പങ്കു വച്ചിട്ടുള്ളത്. സർക്കാർ തീരുമാനത്തെ എന്തു വില കൊടുത്തും ചെറുക്കുമെന്ന് ക്ഷേത്ര വികസന ആക്ഷൻ കൗൺസിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവർ ഇന്ന് സെക്രട്ടറിയേറ്റിനു മുൻപിൽ ഉപവാസ സത്യാഗ്രഹം നടത്തുകയാണ്. മതസൗഹാർദ്ദം തകർത്ത് തലസ്ഥാനനഗരിയിൽ സംഘർഷം സൃഷ്ടിക്കുവാനുള്ള ഗൂഢാലോചനയുടെ ഭാഗമാണിത്. ഹനുമാൻ ലങ്ക ചുട്ടുകരിച്ചതുപോലെ തിരുവനന്തപുരം നഗരിയെ ചുട്ടുകരിക്കാൻ ഇടയാക്കരുത്. ശിവഗിരിയിലെയും ചങ്ങനാശ്ശേരിയിലെയും പോലുള്ള സംഭവങ്ങൾ ഇവിടെ ആവർത്തിക്കരുത്. ആരുടെയും മതവികാരങ്ങൾ വ്രണപ്പെടുത്തരുത്. ഞാൻ അങ്ങയെപ്പോലെ ഈശ്വരവിശ്വാസമുള്ള ആളാണ്. രണ്ട് അമ്പലങ്ങളുടെ നടുവിലാണ് എന്റെ വീട്. ഇവിടെ രണ്ട് നായൻമാരുടെ ഇടയിലാണ് എന്റെ ഇരിപ്പ്. മുൻപിലും പിന്നിലും മുസ്ലീങ്ങളാണ്. അതുകൊണ്ട് വിശ്വാസികളെ തമ്മിലടിപ്പിക്കാതെ ഇവിടെ സർക്കാർ സമാധാനം പുനഃസ്ഥാപിക്കണം. മഹാനായ സി. എച്ച്. മുഹമ്മദ് കോയയുടെ പേരിൽ നാട്ടിൽ കലാപമുണ്ടാവരുത്. അവസാനകാലത്ത് ഈ സർക്കാർ വെടിക്കെട്ടു പുരയ്ക്ക് തീകൊളുത്തി ഈ രാജ്യത്തെ നശിപ്പിക്കരുത്. സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് അവിടെ സ്ഥലം കൊടുക്കുന്നതിന് ആരും എതിരല്ല. പക്ഷേ അത് അമ്പലപ്പറമ്പിൽ തന്നെ കൊടുക്കരുത് എന്നു മാത്രമേയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി മുഖ്യമന്ത്രി ഇടപെട്ട് പ്രശ്നം പരിഹരിക്കണം. മാണിസാർ തീക്കൊള്ളികൊണ്ടു തല ചൊറിയരുത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ഇപ്രകാരം സാമുദായിക വികാരങ്ങൾ ഇളക്കിവിടത്തക്കവണ്ണമുള്ള പ്രതിപാദ്യവും അങ്ങനെയുള്ള പ്രസ്താവനയും ഇവിടെ നടത്തുന്നത് ശരിയല്ല. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ അത് രേഖയിൽനിന്നും നീക്കം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ ഇതു സംബന്ധിച്ച് പറയുന്നത് അങ്ങും കേട്ടു. വാസ്തവത്തിൽ ഇതിനകത്ത് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെ ഇംപാർഷ്യലായിട്ടുള്ള ഒരു നിലപാടാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്. ഹനുമാൻ

LIBRARY ARCHIVES Kerala Legislative Assembly

ടെമ്പിളിന് 1985-ൽ 8 സെൻറ് സ്ഥലം ഗവൺമെൻറ് കൊടുക്കുക ഉണ്ടായി. അതിനുശേഷം 1995-ൽ സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി 12 സെൻറ് സ്ഥലം അതിനടുത്ത് കൊടുക്കുക യുണ്ടായി. ഇതിനകത്ത് ഒരു കാര്യമുള്ളത് ഒരു സർവ്വേ നമ്പരിൽ ധാരാളം സ്ഥലമുണ്ട്. ആ സർവ്വേ നമ്പരിൽ ആദ്യം ഹനുമാൻ ടെമ്പിളിന് കൊടുത്ത 8 സെൻറ് കൂടാതെ പിന്നെയും അവിടെ സ്ഥലമുണ്ട്, ഹനുമാൻ ടെമ്പിളിൻെറ കൈവശമുള്ള ഭൂമിയല്ല സി.എച്ച്. ഫൗണ്ടേഷന് വേണ്ടി കൊടുത്തിട്ടുള്ളത്. ഹനുമാൻ ടെമ്പിളിൻെറ കൈവശമുള്ള, ഉടമസ്ഥതയിലുള്ള ഒരൊറ ഇഞ്ചു ഭൂമി പോലും സി.എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് വേണ്ടി കൊടുത്തിട്ടില്ല. അതിനു പുറത്ത് ആ സർവ്വേ നമ്പരിൽത്തന്നെ കിടക്കുന്ന 12 സെൻറ് സ്ഥലമുണ്ട്. ആ സ്ഥലമാണ് സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് വേണ്ടി കൊടുത്തിട്ടുള്ളത്. ഇതാണ് വസ്തുത. സംഗതി ഇങ്ങനെയാണെങ്കിലും ഇതേച്ചൊല്ലി ചില സംശയങ്ങളും തെറ്റിദ്ധാരണകളും ആക്ഷേപങ്ങളും ഒക്കെ ഉയർന്നുവന്നിരിക്കുകയാണ്. ആ സ്ഥിതിക്ക് ചില സമരങ്ങളും ഉയർന്നുവന്നിരിക്കുന്ന സ്ഥിതിക്ക് ഇത് ഫ്ളെയർ അപ് ചെയ്യരുതല്ലോ എന്ന് കരുതി, ബന്ധപ്പെട്ട എല്ലാവരെയുംകൂടി വിളിച്ചുകൂട്ടി ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ വ്യക്തമായി പറഞ്ഞു കൊണ്ട് അമിക്കബിളായിട്ടുള്ള ഒരു അണ്ടർസ്റ്റാൻഡിംഗ് ഉണ്ടാക്കു ന്നതിനുവേണ്ടി ഞങ്ങൾ ഇന്നലെ കൂടിയ ക്യാബിനറ്റിൽ വച്ച് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ചീഫ് സെക്രട്ടറി ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരെയും വിളിച്ചുവരുത്തി, വസ്തുതകൾ പറഞ്ഞു മനസ്സിലാക്കി ഈ പ്രശ്നത്തിന് രമ്യമായ പരിഹാരം ഉണ്ടാക്കുന്നതാണ്. ഇതാണ് ഈ പ്രശ്നത്തിൽ ഗവൺ മെൻറിനുവേണ്ടി എനിക്ക് ബോധിപ്പിക്കാനുള്ളത്.

(17) തൃപ്പൂണിത്തുറയിലെ സാറ്റലൈറ്റ് ടൗൺഷിപ്പ്

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, തൃപ്പൂണിത്തുറയിൽ സാറ്റലൈറ്റ് ടൗൺഷിപ്പ് സ്ഥാപിക്കാനായിട്ട് ഗവൺമെൻറ് തീരുമാനം എടുത്തിരിക്കുകയാണ്. മുനിസിപ്പൽ അതിർത്തിയിലെയും ഉദയംപേരൂർ പഞ്ചായത്ത് അതിർത്തിയിലെയും അതിനു പറ്റിയ സ്ഥലം കണ്ടെത്തി അത് സ്ഥാപിക്കണമെന്നതാണ് എൻെറ ആവശ്യം. എന്നാൽ അതിനു പകരമായി ഇപ്പോൾ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത് ഇപ്പോൾ വളരെ നല്ല നിലയിൽ, നാല്പത്തുമേനി വിളയുന്ന കൃഷിസ്ഥലത്തിൻെറ മൂന്നിൽ രണ്ടു ഭാഗവും മൽസ്യത്തൊഴിലാളികൾ മൽസ്യം പിടിച്ചു ജീവിക്കുന്ന കായൽനിലങ്ങളും—അത് നികത്താൻ പാടില്ലെന്ന് പരിസ്ഥിതിക്കാർ മുൻപ്തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്— സാറ്റലൈറ്റ് ടൗൺഷിപ്പ് നിർമ്മാണത്തിന് ഏറെടുക്കാനാണ്. പത്ത് നൂറിനാല്പത് പാവപ്പെട്ട കർഷകത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലമാണ് ടൗൺഷിപ്പ് നിർമ്മാണത്തിന് ഗവൺമെൻറ് കണ്ടെത്തിയിരി ക്കുന്നത്. അതുമൂലം പാവപ്പെട്ട കർഷകത്തൊഴിലാളികളെ അവിടെ നിന്നും ഒഴിപ്പിക്കേണ്ട അവസ്ഥയാണ് വരാൻപോകുന്നത്. അതിനെതിരായി ഒരു കമ്മിറ്റി കൂടി; കോൺഫറൻസ് വിളിച്ചുകൂട്ടി അവിടത്തെ റോഡിൻെറ പടിഞ്ഞാറെ ഭാഗം ഈ പദ്ധതി പ്രദേശത്തിൽ ഉൾപ്പെടും. ഇതേ റോഡിൻെറ കിഴക്കേ ഭാഗത്ത് ഇഷ്ടംപോലെ സ്ഥല മുണ്ട്. അവിടെ കൃഷിനഷ്ടമായതുകൊണ്ട് ആ സ്ഥലമൊക്കെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly